# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/ബി.പി.428/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/എ.എൽ.പി/ബി.പി.428/2022 തീയ്യതി: 08/07/2022

## ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2019 മുതൽ 31-12-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 04-04-2022 | 13-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 13-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആനന്ദൻ.ആർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ലീജുമോൻ.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗ്രേസി.ജെ | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| രേഖ.ജി.ശശീന്ദ്രൻ | അസി.എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| രശ്മി.എൻ | അസി.എഞ്ചിനീയർ | 22-07-2019 | 31-03-2020 |
| അശ്വതി.വി,ആർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 26-08-2019 |
| പി.സി.അനിൽകുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 27-08-2019 | 31-03-2020 |
| മിനി എബ്രഹാം | എസ്.സി.ഡി.ഒ | 01-04-2019 | 31-03-2020 |
| ഡോ. സന്തോഷ് കുമാർ.പി | സിവിൽ സർജൻ | 01-04-2019 | 14-04-2019 |
| ഡോ. തനൂജ.എസ് | സിവിൽ സർജൻ | 15-04-2019 | 31-03-2020 |
| പെന്റാലിയോൺ കെ.ജെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 07-09-2019 |
| വേക്കന്റ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 07-09-2019 | 16-09-2019 |
| അഷ്‌റഫ് ഖാൻ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 17-09-2019 | 31-03-2020 |
| പി.കെ അനിൽ കുമാർ | എ.ഡി.എ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.P.Shibu (Senior Grade Auditor, On 12-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A.P.Shibu (Senior Grade Auditor, On 12-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 07-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 12-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 07-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 10-06-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 10-06-2022) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 20-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-8 |
| 9 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 18-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-9 |
| 10 | വ്യവസായ കോംപ്ലക്സിലെ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 18-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-10 |
| 11 | ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വീൽചെയർ നൽകൽ 384000/- രൂപ നിരാകരിക്കുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 18-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-11 |
| 12 | IAY ഭവനപദ്ധതി-എഗ്രിമെന്റ് ക്യാൻസൽ ചെയ്തശേഷവും സർക്കാരിലേയ്ക്ക് തുക തിരിച്ചടച്ചില്ല<br>Written By: A.P.Shibu (Senior Grade Auditor, On 18-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 06-06-2022) | 1-12 |
| 13 | വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടി ക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-സാമ്പത്തിക നഷ്ടം ഉണ്ടാവുന്നു.<br>Written By: Maneshkumar G (Senior Grade Auditor, On 19-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-13 |
| 14 | തനത് ചെലവു തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 19-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 07-07-2022) | 1-14 |
| | ഭാഗം **2** | |

| | | |
|---|---|---|
| 1 | വ്യവസായ കോംപ്ലക്സിലെ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 07-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 10-06-2022) | 2-1 |
| ഭാഗം **3** | | |
| 1 | ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വീൽചെയർ നൽകൽ 384000/- രൂപ നിരാകരിയ്ക്കുന്നു<br>Written By: Sajitha Das (Audit Officer (HG), On 06-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 10-06-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 13-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 13-04-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 10-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 13-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 13-04-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 18-04-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 07-07-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A.P.Shibu (Senior Grade Auditor, On 13-04-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 07-07-2022) | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ ബജറ്റ് 16.02.19 ലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിക്കുകയുണ്ടായി.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 803188115 | 800062800 |
| വാർഷിക കണക്ക് (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | 44840410 | 46352261 |

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക 03.06.20 ൽ ഓൺലൈനായി സമർപ്പിച്ചിരുന്നു.

1-2-1 – വാർഷിക കണക്കുകൾ സംബന്ധിച്ച പരാമർശങ്ങൾ

2019-20 വർഷത്തെ വാർഷികധനവിവര പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 7/13.4.22 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

1. കെ.എസ്.എ. എ.എൽ.പി.ബി.പി. - 167/20 തീയതി 28.2.20 നമ്പർ 2018-19 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 31.3.2019 ൽ തിരിച്ചടയ്ക്കാൻ അവശേഷിച്ചിരുന്ന ലോൺ തുക 2675062/-രൂപയാണ്. 2019-20 വർഷം S001/20 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി 2140050/- രൂപ വികസനഫണ്ട് സാധാരണവിഹിതത്തിൽ നിന്ന് ഒടുക്കിയിട്ടുണ്ട്. എന്നാൽ 2019-20 ലെ RP-32 SECURED LOAN എന്ന ഹെഡിൽ 2717368/- രൂപ തിരിച്ചടച്ചടച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരമുള്ള വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല.

2. ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അക്കൌണ്ട്സിൽ വായ്പയിനത്തിൽ കാണിച്ചിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3. റെന്റ് രജിസ്റ്ററിൽ സാമ്പത്തിക വർഷം തിരിച്ച് വാടകയുടെ വരവ്, കുടിശ്ശിക എന്നിവ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കൃത്യമാക്കാത്തതിനാൽ 2019-20 വർഷത്തെ റസീപ്റ്റ് & പേമെന്റ് അക്കൌണ്ടിലുൾപ്പെടുത്തിയിരിക്കുന്ന വാടക തൻവർഷ വരവ്, ബാലൻസ് ഷീറ്റിൽ B-15 ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.

4. 2019-20 ലെ റസീപ്റ്റ് & പേമെന്റ് അക്കൌണ്ടിലെ RP- 7 പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിന്റെ വരവായി 4508577/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എ.സി.ആർ. പ്രകാരം 4493000/- രൂപയാണ് ഈയിനത്തിലെ വരവ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള വരവ്, ചെലവ്, തിരിച്ച് കൊടുക്കാൻ ബാക്കിയുള്ള തുക എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.

6. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തന്നെ വിവിധ എജൻസികൾക്കും ജീവനക്കാർക്കും നൽകിയ അഡ്വാൻസുകളുടേയും അവ ക്രമീകരിച്ചതിന്റെ വിശദാംശങ്ങളും പരിശോധിക്കാനായിട്ടില്ല.

7. ഇ.എം.എസ്. ലോണിന് ജില്ലാ സഹകരണബാങ്ക് മുതുകുളം ബ്രാഞ്ചിലുള്ള 2-ാം നമ്പർ അക്കൌണ്ടിൽ 1000/- രൂപ നീക്കിയിരുപ്പുള്ളതായാണ് 3/20 ലെ RP -40 (B) യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.3.20 ൽ 10510/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കാത്തതിനാൽ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കപ്പെട്ടിട്ടില്ല. 3/21 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ഇപ്രകാരമുള്ള വ്യത്യാസം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.

8. 2019-20, 20-21 വർഷങ്ങളിലെ B-4 സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

9. ബി-11 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ/രേഖകൾ ലഭ്യമാക്കിയിട്ടില്ല.

10. തൊഴിലുറപ്പ് പദ്ധതിയുടെ അക്കൌണ്ട്സ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. 2019-20 വർഷത്തിൽ ഗവൺമെന്റ് ആൻഡ് അദർ ഡ്യൂസ് പേയബിൾ എന്ന ഹെഡ്ഡിൽ ബാധ്യതയായി അവശേഷിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കാനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

12. 2019-20 വർഷത്തെ B-9 പട്ടികയിൽ 350800199 എന്ന ഹെഡ്ഡിൽ ബാധ്യതയായി വന്നിട്ടുള്ള തുക എന്തെന്ന് വിശദമാക്കേണ്ടതാണ്.

13. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിയ്ക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31302015 |
| വരവ് | 49635711 |
| ആകെ | 80937726 |
| ചെലവ് | 49370833 |
| നീക്കിയിരിപ്പ് | 31566893 |
| വരവിനങ്ങളിലെ നഷ്ടം | 2760 |
| ചെലവിനങ്ങളിലെ നഷ്ടം/നിരാകരിച്ച തുക | 384000 |
| തടസ്സപ്പെടുത്തിയ തുക | 96000 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ക്രമ നം. | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP-7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 4,49,31,000 | 0 | 2,90,74080 | | 1,58,56,920 |
| 2 | വികസനഫണ്ട്-എസ്.സി.പി | 1,51,74,000 | 0 | 1,17,11,957 | | 34,62,043 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 4,77,000 | 0 | 4,77,000 | | ----- |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 0 | 0 | | 0 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 58,73,000 | 0 | 1343878 | | 4529122 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | | 0 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 90 | 8,38,42014 | 43 | 4,26,06,919 | 7 | 40 | 56% |

തനത് ഫണ്ടിൽ നിന്നുള്ള പദ്ധതിചെലവുകൾ സുലേഖയിൽ രേഖപ്പെടുത്തുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7,813.50 | 8,57,165 | 8,64,978.50 | 8,62,788.75 | 2,189.75 |

വാർഷിക കണക്കിൽ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിവരം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.04.2022 ന് 12.30 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-8 ആഭ്യന്തരനിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2.പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സുകൾ യഥാസമയം ക്ലോസ് ചെയ്യുന്നില്ല.

4.നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, വാടക വരവ് തുകകൾ കൃത്യമായി പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. കെട്ടിട നിർമ്മാണം, ഓഫീസ് ഫർണിഷിംഗ് ഉൾപ്പെടെ ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോഴും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

6.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

7. വികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ സ്ഥാപിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുവാനുള്ള അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-9 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2019-2020 വർഷങ്ങളിൽ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 62490/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വ്യവസായ കോംപ്ലക്സിലെ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല

മുതുകുളം ബ്ളോക്ക് പഞ്ചായത്തിന്റെ വ്യവസായ കോംപ്ലക്സ് വാടകയ്ക്ക് നൽകിയിരിക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും 2019-20 വർഷം വാടക ഈടാക്കിയതായി കാണുന്നില്ല.

| പേര് മേൽവിലാസം | ഷോപ്പ് നം. | അടയ്ക്കേണ്ട തുക | അടച്ച തുക | അടയ്ക്കുവാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| നന്ദു.കെ, അനി നിവാസ്സ്, തോട്ടപ്പള്ളി | ഗ്രൗണ്ട് ഫ്ളോർ റൂം നം 2 | 33820 | 32440 | 1380 | 8-ാം മാസം വാടക വിഭജിച്ചാണ് രജിസ്റ്ററിൽ കാണിച്ചിരിയ്ക്കുന്നത്. |
| മിനി കലാധരൻ, അനിൽ നിവാസ്, തോട്ടപ്പള്ളി | ഗ്രൗണ്ട് ഫ്ളോർ റൂം നം 1 | 33820 | 32440 | 1380 | 8-ാം മാസം വാടക വിഭജിച്ചാണ് രജിസ്റ്ററിൽ കാണിച്ചിരിയ്ക്കുന്നത്. |
| 2019-20 ൽ അടയ്ക്കാനുള്ള ആകെ തുക | | | | 1380x2=2760 | |

വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും വാടകകുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, വാടക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഈടാക്കാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതും, വർഷാവസാനം വാടക രജിസ്റ്ററിൽ ഡി.സി.ബി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-11 ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വീൽചെയർ നൽകൽ 384000/- രൂപ നിരാകരിയ്ക്കുന്നു

പ്രോജക്ട് നം -S0016/20

പ്രോജക്ടിന്റെ പേര്-ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വീൽചെയർ നൽകൽ

നിർവ്വഹണം - സി.ഡി.പി.ഒ
അടങ്കൽ തുക -1344000(വികസന ഫണ്ട്)

ട്രഷറി ബിൽ നം 10/19-20-288000

ട്രഷറി ബിൽ നം 11/19-20-384000

ട്രഷറി ബിൽ നം12/19-20-384000

ട്രഷറി ബിൽ നം13/19-20- 288000

ഇൻവോയിസ് നം-KSIE/PKD/363/19-20/02-01-20

2019-20 വർഷം സി.ഡി.പി.ഒ നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വീൽചെയർ നൽകൽ എന്ന പ്രോജക്ട് പ്രകാരം 14 ഗുണഭോക്താക്കൾക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വീൽചെയർ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് നടപ്പാക്കിയപ്പോൾ പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപെടാത്ത ഗുണഭോക്താക്കൾക്കും പഞ്ചായത്തിൽ നിന്നും വീൽച്ചെയർ/മുച്ചക്രവാഹനം ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഇല്ലാത്തവർക്കും നൽകിയതായി കാണുന്നു, വിശദ വിവരം ചുവടെ കൊടുക്കുന്നു,

| ക്രമ നം. | പേര്/മേൽവിലാസം | താമസിയ്ക്കുന്ന പഞ്ചായത്ത് | അപാകത | നൽകിയ തുക |
|---|---|---|---|---|
| 1 | ഹാമിദ് എം.എസ്, മഠത്തിൽ കിഴക്കതിൽ | ആറാട്ടുപുഴ | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല | 96000 |
| 2 | അനന്തു,പുതുപുരയ്ക്കൽ | ദേവികുളങ്ങര | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല | 96000 |
| 3 | സുജാത പുതുമംഗലത്ത് | മുതുകുളം | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല | 96000 |
| 4 | നീനു,ബി,കുന്നേൽ പടീറ്റതിൽ,ആറാട്ടുപുഴ.പി.ഒ | ആറാട്ടുപുഴ | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല,പഞ്ചായത്തിൽ നിന്നും വീൽച്ചെയർ/ മുച്ചക്രവാഹനം ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 96000 |
| 5 | ജനാർദ്ദനൻ,ഷിബുഭവൻ | മുതുകുളം | പഞ്ചായത്തിൽ നിന്നും വീൽച്ചെയർ/മുച്ചക്രവാഹനം ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 96000 |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 5/19-20 /16-04-2022 നൽകിയിരുന്നുവെങ്കിലും ഇതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത മേൽ പട്ടികയിലെ ക്രമ നം. 1 മുതൽ 4 വരെയുള്ളവർക്ക് ഇലക്ട്രോണിക്സ് വീൽചെയർ വാങ്ങാൻ ചെലവഴിച്ച 384000/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു, സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ക്രമ നം. 5 ലെ ജനാർദ്ദനൻ, ഷിബുഭവൻ എന്നയാൾക്ക് വേണ്ടി ചെലവഴിച്ച 96000/രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 IAY ഭവനപദ്ധതി-എഗ്രിമെന്റ് ക്യാൻസൽ ചെയ്തശേഷവും സർക്കാരിലേയ്ക്ക് തുക തിരിച്ചടച്ചില്ല

മുതുകുളം ബ്ളോക്ക് പഞ്ചായത്ത് IAY 2015-16 ഭവന നിർമ്മാണ ഗുണഭോക്താവായ ശ്രീ.ഷിജു ജോൺ, ചെറിയ വീട്ടിൽ കിഴക്കതിൽ, ചേപ്പാട് എന്നയാൾക്ക് ഭവനനിർമ്മാണത്തിനായി 200000/-രൂപ അനുവദിയ്ക്കുകയും ടിയാൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുകയും ചെയ്തിട്ടുള്ളതുമായിരുന്നു. എന്നാൽ പിന്നീട് ടിയാൾ അസുഖവും സാമ്പത്തിക ബാധ്യതയെയും തുടർന്ന് സ്ഥലം വിൽപ്പനയ്ക്കായി എഗ്രിമെന്റ് ക്യാൻസൽ ചെയ്യുകയും ടി തുക 12% പലിശ സഹിതം 256000/- രൂപ(രസീത് ബുക്ക് നം 16175 രസീത് നം.74/30-08-2019) ബ്ളോക്ക് പഞ്ചായത്തിലേയ്ക്ക് അടച്ചിട്ടുണ്ട്. ടി തുക കാനറബാങ്കിലെ IAY അക്കൗണ്ടായ 1699101037447 ലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. IAY പദ്ധതി പ്രകാരം 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും ആയിരുന്നു, ടി തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചോ എന്നുള്ള വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം 01/19-20 ന് നൽകിയ മറുപടിയിൽ കേന്ദ്ര വിഹിതം തിരിച്ചടച്ചിട്ടില്ല എന്നും പരിശോധിച്ച് ഉടൻ തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കേന്ദ്ര - സംസ്ഥാന വിഹിതങ്ങൾ കൃത്യമായി

തിരിച്ചടച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-13 വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടി ക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-സാമ്പത്തിക നഷ്ടം ഉണ്ടാവുന്നു.**

2019-20 സാമ്പത്തിക വർഷം മുതുകുളം ബ്ലോക്ക് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST&CGST @2.5 | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | |
| 23.07.19 | ദേശാഭിമാനി | വിവിധ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നൽകിയ പത്രപ്പരസ്യം | 4 | 8 | 94 | 2685 (Sgst-124 Cgst-124) (Discount 15%) | 3290 24.07.19 |
| 04.12.18 | ദേശാഭിമാനി | പുനർദാർഘ്ലാസ്, ക്വട്ടേഷൻ, എന്നിവയ്ക്കായി നടത്തിയ പത്രപ്പരസ്യം | 10 | 8 | 180 | 12852 (Sgst-154 Cgst-154) | 3282 24.07.19 |
| 02.11.19 | മാതൃഭൂമി | വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 4 | 8 | 260 | 7426 (Sgst-176 Cgst-176) | 2704351 20.11.19 |
| 11.07.19 | മാതൃഭൂമി | വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 4 | 8 | 260 | 7426 (Sgst-176 Cgst-176) | 2704313 25.09.19 |
| 23.08.19 | മാതൃഭൂമി | വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 8 | 4 | 260 | 7426 (Sgst-176 Cgst-176) | 2704313 25.09.19 |
| 11.07.19 | മാതൃഭൂമി | വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 8 | 5 | 260 | 9282 (Sgst-221 Cgst-221) | 2704313 25.09.19 |
| 25.07.19 | മാതൃഭൂമി | വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ | 8 | 4 | 260 | 7426 (Sgst-176 | 270419019.08.19 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വിൻഡോ പരസ്യം | | | | Cgst-176) | |
| 22.02.19 | മാതൃഭൂമി | സംരക്ഷണഭിത്തി നിർമ്മാണം ടെൻഡർ പരസ്യം | 8 | 4 | 240 | 6854 (Sgst-163 Cgst-163) | 2704114 12.0419 |
| | | ആകെ | | | | 61397 | |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ-ഡി 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ വലിയ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകൾ തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ കർശനമായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14 തനത് ചെലവു തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

2019-20 സാമ്പത്തികവർഷം തനത് ഫണ്ടിൽ നിന്ന് തുക വകയിരുത്തുകയും ആ തുകകൾ ചെലവഴിക്കുകയും ചെയ്തിട്ടും ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|
| 1 | 65 | മുതുകളം ബ്ലോക്ക് പഞ്ചായത്ത് ആഡിറ്റോറിയം, സി.ഡി.പി.ഒ. ഓഫീസിന്റെ മുകൾവശം സോളാർ പാനൽ സ്ഥാപിക്കൽ | 41000 | 41000 |
| 2 | 95 | അനുബന്ധ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങൽ | 225000 | 222750 |
| 3 | 98 | വീഡിയോ കോൺഫറൻസ് സിസ്റ്റം വാങ്ങൽ | 79500 | 79500 |

വിവിധ പദ്ധതികൾക്കായി ചെലവഴിക്കപ്പെടുന്ന തനത് ഫണ്ട് തുകകൾ കൃത്യമായി ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വ്യവസായ കോംപ്ലക്സിലെ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല

മുതുകളം ബ്ളോക്ക് പഞ്ചായത്തിന്റെ വ്യവസായ കോംപ്ലക്സ് വാടകയ്ക്ക് നൽകിയിരിയ്ക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും 2019-20 വർഷം വാടക ഈടാക്കിയതായി കാണുന്നില്ല.

| പേര്, മേൽവിലാസം | ഷോപ്പ് നം. | അടയ്ക്കേണ്ട തുക | അടച്ച തുക | അടയ്ക്കുവാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| നന്ദു.കെ, അനി നിവാസ്സ്, തോട്ടപ്പള്ളി | ഗ്രൗണ്ട് ഫ്ളോർ റൂം നം. 2 | 33820 | 32440 | 1380 | 8-ാം മാസം വാടക വിഭജിച്ചാണ് രജിസ്റ്ററിൽ കാണിച്ചിരിയ്ക്കുന്നത്. |
| മിനി കലാധരൻ, അനിൽ നിവാസ്, തോട്ടപ്പള്ളി | ഗ്രൗണ്ട് ഫ്ളോർ റൂം നം. 1 | 33820 | 32440 | 1380 | 8-ാം മാസം വാടക വിഭജിച്ചാണ് രജിസ്റ്ററിൽ കാണിച്ചിരിയ്ക്കുന്നത്. |
| 2019-20 ൽ അടയ്ക്കാനുള്ള ആകെ തുക | | | | 1380x2=2760 | |

വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും വാടകകുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, വാടക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഈടാക്കാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതും, വർഷാവസാനം വാടക രജിസ്റ്ററിൽ ഡി.സി.ബി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വീൽചെയർ നൽകൽ 384000/- രൂപ നിരാകരിയ്ക്കുന്നു

പ്രോജക്ട് നം. -S0016/20

പ്രോജക്ടിന്റെ പേര്-ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വീൽചെയർ നൽകൽ

നിർവ്വഹണം - സി.ഡി.പി.ഒ
അടങ്കൽ തുക -1344000(വികസന ഫണ്ട്)

ട്രഷറി ബിൽ നം. 10/19-20-288000

ട്രഷറി ബിൽ നം. 11/19-20-384000

ട്രഷറി ബിൽ നം.12/19-20-384000

ട്രഷറി ബിൽ നം.13/19-20- 288000

ഇൻവോയിസ് നം.-KSIE/PKD/363/19-20/02-01-20

2019-20 വർഷം സി.ഡി.പി.ഒ നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് മോട്ടോറൈസ്ഡ് വീൽചെയർ നൽകൽ എന്ന പ്രോജക്ട് പ്രകാരം 14 ഗുണഭോക്താക്കൾക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വീൽചെയർ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് നടപ്പാക്കിയപ്പോൾ പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപെടാത്ത ഗുണഭോക്താക്കൾക്കും പഞ്ചായത്തിൽ നിന്നും വീൽച്ചെയർ/മുച്ചക്രവാഹനം ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഇല്ലാത്തവർക്കും നൽകിയതായി കാണുന്നു, വിശദ വിവരം ചുവടെ കൊടുക്കുന്നു,

| ക്രമ നം. | പേര്/മേൽവിലാസം | താമസിയ്ക്കുന്ന പഞ്ചായത്ത് | അപാകത | നൽകിയ തുക |
|---|---|---|---|---|
| 1 | ഹാമിദ് എം.എസ്, മഠത്തിൽ കിഴക്കതിൽ | ആറാട്ടുപുഴ | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല | 96000 |

| | | | | |
|---|---|---|---|---|
| 2 | അനന്തു,പുതുപുരയ്ക്കൽ | ദേവികുളങ്ങര | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല | 96000 |
| 3 | സുജാത പുതുമംഗലത്ത് | മുതുകുളം | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല | 96000 |
| 4 | നീനു.ബി, കുന്നേൽ പടീറ്റതിൽ,ആറാട്ടുപുഴ.പി.ഒ | ആറാട്ടുപുഴ | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല,പഞ്ചായത്തിൽ നിന്നും വീൽച്ചെയർ/ മുച്ചക്രവാഹനം ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 96000 |
| 5 | ജനാർദ്ദനൻ,ഷിബുഭവൻ | മുതുകുളം | പഞ്ചായത്തിൽ നിന്നും വീൽച്ചെയർ/മുച്ചക്രവാഹനം ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 96000 |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 5/19-20 /16-04-2022 നൽകിയിരുന്നുവെങ്കിലും ഇതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത മേൽ പട്ടികയിലെ ക്രമ നം. 1 മുതൽ 4 വരെയുള്ളവർക്ക് ഇലക്ട്രോണിക്സ് വീൽചെയർ വാങ്ങാൻ ചെലവഴിച്ച 384000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു, സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ക്രമ നം. 5 ലെ ജനാർദ്ദനൻ, ഷിബുഭവൻ എന്നയാൾക്ക് വേണ്ടി ചെലവഴിച്ച 96000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻ വർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | | 2140050 | 2140050 | 2140050 | | 0 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 49635711 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 49370833 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2760 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 384000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 96000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2760 | | ലിജുമോൻ.എസ്, സെക്രട്ടറി |
| 3-1 | | 384000 | ഗ്രേസി.ജെ സി.ഡി.പി.ഒ |
| ആകെ | 2760 | 384000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 96000 | ഗ്രേസി.ജെ സി.ഡി.പി.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലിജുമോൻ.എസ്, സെക്രട്ടറി | സെക്രട്ടറി മുതുകുളം പഞ്ചായത്ത് | വാഴവിള പുത്തൻ വീട് ആലഞ്ചേരി, ഏരൂർ.പി.ഒ |
| ഗ്രേസി.ജെ | സി.ഡി.പി.ഒ | കണ്ണന്തറ വീട്,കരിപ്പുഴ വീട്,695017 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ<br>2005-06 വരെ | എൽ.എഫ്.എ.ബി.പി/1477/10/06.12.10 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ.5-ബിപി അദാലത്ത് 26(75), (76), (77),<br>(77(i)/14<br>തീയതി. 31.03.2014 |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012 |
| 2011-12 | എൽ.എഫ്.എ.ബി.പി/10/2013/06.02.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015 |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.2015 |
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017/15.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/11/07.12.2011 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/ബി.പി-/117/19/08.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/ബി.പി-/167/2020/28.01.2020 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്